**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - തിരൂരങ്ങാടി നഗരസഭ സെക്രട്ടറി ശ്രീ.സതീഷ് കുമാർ.എം-ന് പഠനാവശ്യത്തിനായി അനുവദിച്ച ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ) നം. 1290/2022/തസ്വഭവ          തീയതി, തിരുവനന്തപുരം, 25.05.2022

പരാമർശം :- 1. 28.07.2021 ലെ സ.ഉ (സാധാ) നം.1417/2021/തസ്വഭവ നമ്പർ ഉത്തരവ്
2. ശ്രീ.സതീഷ് കുമാർ.എം. സമർപ്പിച്ച 05.11.2021 തീയതിയിലെ അപേക്ഷ
3. നഗരകാര്യ ഡയറക്ടറുടെ 17.11.2021 ലെ ഇ 2-8835/2021 നമ്പർ കത്ത്.
4. 25.05.2022 ലെ സ.ഉ (സാധാ) നം.1289/2022/തസ്വഭവ നമ്പർ ഉത്തരവ്

**ഉത്തരവ്**

തിരൂരങ്ങാടി നഗരസഭ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്ന മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III ശ്രീ.സതീഷ് കുമാർ.എം-ന് 2021 ൽ നടക്കുന്ന യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രിലിമിനറി പരീക്ഷയ്ക്കും തുടർന്നുള്ള പരിശീലനത്തിനുമായി കെ.എസ്.ആർ ഭാഗം I, അനുബന്ധം XII B-യിലെ വ്യവസ്ഥകൾക്ക് വിധേയമായി പരാമർശം (1) ഉത്തരവ് പ്രകാരം പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ചിരുന്നു എന്നും ടി ഉത്തരവ് പ്രകാരം ടിയാൻ 01.06.2021 മുതൽ 30.11.2021 വരെ ശൂന്യവേതനാവധിയിൽ പ്രവേശിച്ചിരുന്നു എന്നും പ്രസ്തുത ഉത്തരവ് പ്രകാരം അനുവദിച്ച അവധി 30.11.2021 ന് അവസാനിക്കുന്നതിനാൽ 01.12.2021 മുതൽ 11.10.2022 വരെ പഠനാവശ്യത്തിനായി ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം 2 പ്രകാരം ശ്രീ.സതീഷ് കുമാർ സമർപ്പിച്ച അവധി അപേക്ഷ നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്യും പരാമർശം 3 പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവ് ഭേദഗതി വരുത്തി പരാമർശം (4) ഉത്തരവ് പുറപ്പെടുവിച്ചു. ഈ സാഹചര്യത്തിൽ നഗരകാര്യ വകുപ്പിൽ മുനിസിപ്പൽ സെക്രട്ടറി തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.സതീഷ് കുമാറിന് പഠനാവശ്യത്തിനായി 01.12.2021 മുതൽ 10.10.2022 വരെ കെ.എസ്.ആർ ഭാഗം I, അനുബന്ധം XII B-യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ജെയ്സി പോൾ**

**അണ്ടർ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
ശ്രീ.സതീഷ് കുമാർ.എം, മുനിസിപ്പൽ സെക്രട്ടറി, തിരൂരങ്ങാടി നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
(ധനകാര്യ വകുപ്പിന്റെ 23.03.2022 ലെ ഡെവ-1/144/2021-ധന (ഇ 1794290) പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ